# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1678 — 14-12-2012-ൽ മറുപടിക്ക്

## വിവാഹ സർട്ടിഫിക്കറ്റ് തിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) വിവാഹ സർട്ടിഫിക്കറ്റുകളിലെ പേരുകളിലും വിലാസങ്ങളിലും തിരുത്തൽ വരുത്തുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കാമോ ; | (എ) 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരമാണ് ഉൾക്കുറിപ്പുകളുടെ തിരുത്തലും റദ്ദാക്കലും നടത്തുന്നത്. ഇതുപ്രകാരം പേര്, വയസ്സ്, തീയതി മുതലായ സാരവത്തായ വിശദാംശങ്ങളിലെ എല്ലാ തിരുത്തലുകളും റദ്ദാക്കലുകളും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടുകൂടി ചെയ്യാവുന്നതാണ്. (2)-ാം ഉപചട്ടത്തിൽ കീഴിൽ അനുമതി ലഭിക്കുന്നതിന്മേൽ തദ്ദേശ രജിസ്ട്രാർ, വിവാഹ (പൊതു) രജിസ്റ്ററിൽ, അതാതു സംഗതി പോലെ തിരുത്തലോ റദ്ദാക്കലോ വരുത്തേണ്ടതാണ്. വിവാഹ (പൊതു) രജിസ്റ്ററിൽ ക്ലറിക്കൽ പിശക് ഒഴികെയുള്ള തെറ്റു തിരുത്തലിന് 100/-രൂപ ചാർജ്ജ് ഈടാക്കേണ്ടതാണ്. ഈ ചട്ടത്തിൻ കീഴിൽ ഒരു ഉൾക്കുറിപ്പ് തിരുത്തുകയോ, റദ്ദാക്കുകയോ ചെയ്യുന്ന ഓരോ സംഗതിയിലും അതിന്റെ അറിയിപ്പ് വിവാഹത്തിൽ ഏർപ്പെട്ട കക്ഷികൾക്ക് അയച്ചുകൊടുക്കേണ്ടതും തൽ സംബന്ധമായ ഒരു റിപ്പോർട്ട് ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് നൽകുന്നതുമാണ്. |
| (ബി) പ്രസ്തുത സേവനം വേഗത്തിൽ ലഭിക്കുന്നതിനും, നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ബി) വിവാഹ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾക്ക് ലളിതമായ നടപടി ക്രമങ്ങളാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ